**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2013** — **02-02-2024 - ൽ മറുപടിയ്ക്ക്**

**മരുതറോഡ് ടി.എച്ച്.എസ്. ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മൂന്നു കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിയ്ക്കായി 04.01.2023 തീയ്യതിയിലെ ജി.ഒ(ആർ.ടി) നം. 3/2023/കാ.യു.വ സർക്കാർ ഉത്തരവ് പ്രകാരം 3.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 2,79,18,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും എന്നാൽ അതിൽ qualified ആയ ഒരു കരാറുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ 08.06.2023 തീയ്യതിയിൽ ടി പ്രവൃത്തിയ്ക്ക് റീ-ടെണ്ടർ ക്ഷണിക്കുകയും ഇതിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും അതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സിനോയ് പി.കെ (3.73%) യുടെ ടെണ്ടർ 24.08.2023 ൽ കൂടിയ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി അംഗീകരിക്കുകയും 07.09.2023 തീയ്യതിയിൽ കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കായിക വകുപ്പും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി കായിക വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ ഒരു ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. ആയതിലേക്കായി 30.01.2023 തീയ്യതിയിൽ ഗവ. ടെക്ക്നിക്കൽ ഹൈ സ്കൂൾ സൂപ്രണ്ടിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ ധാരണാപത്രത്തിൻറെ കരട് അംഗീകാരത്തിനായി അയച്ച് നൽകുകയും 28.12.2023 തീയ്യതിയിൽ മരുതറോഡ് ഗവ. ടെക്ക്നിക്കൽ ഹൈ സ്കൂൾ സൂപ്രണ്ട് ധാരണാപത്രം ഒപ്പിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഗ്രൗണ്ട് നവീകരണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി കായിക വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ ഒരു ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. ആയതിലേക്കായി 30.01.2023 തീയ്യതിയിൽ ഗവ. ടെക്ക്നിക്കൽ ഹൈ സ്കൂൾ സൂപ്രണ്ടിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ ധാരണാപത്രത്തിൻറെ കരട് അംഗീകാരത്തിനായി അയച്ച് നൽകുകയും 28.12.2023 തീയ്യതിയിൽ മരുതറോഡ് ഗവ. ടെക്ക്നിക്കൽ ഹൈ സ്കൂൾ സൂപ്രണ്ട് ധാരണാപത്രം ഒപ്പിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ